**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1461** **01-07-2026-ൽ മറുപടിയ്ക്ക്**

**നോർക്കയുടെ സമഗ്രമായ വികസനത്തിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. ബൽറാം
ശ്രീ. ടോണി ചമ്മണി
ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കുന്നതിന് നോർക്ക മുഖേനയുള്ള ഔദ്യോഗിക റിക്രൂട്ട്മെന്റുകൾ വിപുലപ്പെടുത്തുമോ; വ്യക്തമാക്കാമോ;

**മറുപടി:**

വിദേശ രാജ്യങ്ങളിലേക്ക് സുരക്ഷിതവും നിയമപരവുമായ റിക്രൂട്ട്മെന്റാണ് നോർക്ക റൂട്ട്സ് വഴി നടന്നു വരുന്നത്.

കേരളത്തിൽ നിന്നുള്ള ആരോഗ്യമേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് സുരക്ഷിതമായ വിദേശ ജോലി നൽകുന്നതിനായി, നോർക്ക റൂട്ട്സ് നിലവിൽ യു കെ വെയിൽസിലെ എൻ എച്ച് എസ്സ് വെയിൽസ്, കാനഡയിലെ എൻ എച്ച് എസ്സ്, ന്യൂഫോണ്ട് ലാൻഡ് & ലാബ്രഡോർ, ജർമ്മനിയിലെ ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി തുടങ്ങിയ സർക്കാർ ഏജൻസികളുമായി ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. പ്രസ്തുത ധാരണാ പത്രങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നുള്ള 512 ആരോഗ്യ പ്രവർത്തകർക്ക് യു കെ വെയിൽസിലേയ്ക്കും കാനഡയിലെ ന്യൂഫോണ്ട് ലാൻഡ് & ലാബ്രഡോർ പ്രവിശ്യയിലേയ്ക്ക് 120 നഴ്സുമാർക്കും ജോലി നൽകുവാൻ സാധിച്ചിട്ടുണ്ട്.

നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോഓപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന നോർക്ക ട്രിപ്പിൾ വിൻ കേരള പദ്ധതി പ്രകാരം നാളിതുവരെ ഏഴു റിക്രൂട്ട്മെന്റ് ഡ്രൈവുകളിലായി 1051 നഴ്സുമാരെ ജർമ്മനിയിലേക്ക് ജോലിക്കായി തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്.

കേരളത്തിൽ നിന്നുള്ള ആരോഗ്യപ്രവർത്തകർക്കും മറ്റ് സ്കിൽഡ് ഉദ്യോഗാർത്ഥികൾക്കും ജർമ്മനിയിലേക്ക് തൊഴിൽ നൽകുന്നതിനായി നോർക്ക റൂട്ട്സും ജർമനിയിലെ ഫെയർ റിക്രൂട്ട്മെന്റ് പ്ലാറ്റ്ഫോമായ ഡെഫയുമായി 18.09.2025 നും ജർമ്മനിയിലെ മറ്റൊരു ഫെയർ റിക്രൂട്ട്മെന്റ് പ്ലാറ്റ്ഫോമായ കെയർഗേറ്റ്സുമായി 26.02.2026 നും നോർക്ക റൂട്ട്സ് ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. അടുത്ത വർഷം മുതൽ പ്രസ്തുത റിക്രൂട്ട്മെന്റുകൾ മുഖേന ഏകദേശം 500 ൽ പരം ഉദ്യോഗാർത്ഥികൾക്ക് ജർമ്മനിയിലേയ്ക്ക് തൊഴിൽ നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതു കൂടാതെ നോർക്ക റൂട്ട്സും ഇൻഡോ ജർമ്മൻ ചേമ്പർ ഓഫ് കൊമേഴ്സുമായി വെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിന്നുള്ള ഇലക്ട്രീഷ്യൻ, ഷെഫ് എന്നീ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ജർമ്മനിയിൽ ജോലി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

മേൽപ്പറഞ്ഞ റിക്രൂട്ട്മെന്റ് കൂടാതെ ഡെന്മാർക്കിലേക്ക് നഴ്സുമാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി ഡെന്മാർക്കിലെ മിനിസ്ട്രി ഓഫ് സീനിയർ സിറ്റിസനും നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഈ വർഷം അവസാനത്തോടെ ഡെന്മാർക്കിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനായുള്ള റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലേക്ക് സുരക്ഷിതമായി തൊഴിൽ ലഭ്യമാക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ഔദ്യോഗിക റിക്രൂട്ട്മെന്റുകൾ മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും വിപുലപ്പെടുത്തുന്നതിനായുള്ള ചർച്ചകളും നടപടികളും നിലവിൽ പുരോഗമിച്ചു വരികയാണ്.

**(ബി)** പ്രവാസികളുടെ പുനരധിവാസത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നോർക്ക റൂട്ട്സ് വഴി ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രവാസികളുടെ പുനരധിവാസത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം.) പദ്ധതി നിലവിലുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ (30 ലക്ഷം രൂപ വരെ പദ്ധതി തുക വരുന്ന സംരംഭങ്ങൾ) ആരംഭിക്കുന്നതിന് 13 പൊതുമേഖലാ ബാങ്കുകൾ/ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യം ലഭ്യമാണ്. 30 ലക്ഷം രൂപ വരെയുള്ള പദ്ധതിയ്ക്ക് പരമാവധി 3 ലക്ഷം രൂപ അഥവാ 15% മൂലധനസബ്സിഡിയും 3% പലിശ സബ്സിഡിയും അനുവദിക്കുന്നുണ്ട്. ഇതിന് പുറമേ സംരംഭകന് പദ്ധതിക്കാവശ്യമായ ലൈസൻസുകൾ മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഉപദേശവും, കൈത്താങ്ങും, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ബാങ്ക് ഫോളോ അപ്പ് എന്നിങ്ങനെ സംരംഭകന് പദ്ധതി ആരംഭിക്കുന്നതിന് അവശ്യമായ എല്ലാ സഹായങ്ങളും ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാക്കുന്നുണ്ട്.

**(സി)** വിദേശത്ത് വിദ്യാഭ്യാസത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ സമഗ്രവിവരങ്ങൾ നോർക്ക സമാഹരിച്ചിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികളുടെ വിവരങ്ങൾ നിർബന്ധിത രജിസ്ട്രേഷനിലൂടെ ശേഖരിക്കുകയും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്കായി 2021 മുതൽ നോർക്ക റൂട്ട്സിൽ വിദ്യാർത്ഥി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ വിദേശത്തേക്ക് പഠനത്തിനായി പോകുന്ന എല്ലാ വിദ്യാർത്ഥികളും നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല.

ഈ കാർഡ് മുഖേന, അപകടം മൂലമുള്ള മരണത്തിന് 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും, അപകടം മൂലമുള്ള ഭാഗികമായോ സ്ഥിരമായോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നുണ്ട്.

നോർക്ക റൂട്ട്സിന്റെ വിദ്യാർത്ഥി തിരിച്ചറിയൽ കാർഡ് പദ്ധതിയിൽ വിദേശത്തേക്ക് പഠനത്തിനായി പോകുന്ന എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**